**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2710 07.12.2018-ലെ മറുപടിക്ക്**

**<u>പട്ടികജാതി ക്ഷേമ വകുപ്പിൽ നിന്നുള്ള ധനസഹായം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി ക്ഷേമ വകുപ്പിൽ നിന്നും പട്ടികജാതി വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിനും അറ്റകുറ്റ പണികൾക്കുമായി ഇപ്പോഴും ധനസഹായം നല്കിവരുന്നുണ്ടോ; | (എ) | ഉണ്ട്, 2018-19 വർഷം മുതൽ വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ്. ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം, സ്പിൽഓവർ പ്രവൃത്തികൾക്ക് ധനസഹായം അനുവദിക്കുന്നതിനാൽ വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി നടപ്പുവർഷം ഫണ്ട് അനുവദിക്കുന്നില്ല. |
| (ബി) | എങ്കിൽ കോതമംഗലം ബ്ലോക്കിൽ നിന്നും എത്രപേർ ഈ ആനുകൂല്യത്തിനായി അപേക്ഷ നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും | ബാധകമല്ല |
| (സി) | ഇതിൽ എത്ര പേർക്ക് ഈ ആനുകൂല്യം ലഭ്യമായി എന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | പദ്ധതിയുടെ ആനുകൂല്യം കൂടുതൽ പേർക്ക് ലഭ്യമാകും വിധം വിപുലീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ ലൈഫ് മിഷൻ മുഖേന ഏകോപിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുകയും നടപ്പുവർഷം മുതൽ ഭവനനിർമ്മാണം ലൈഫ് മിഷൻ മുഖേന നടപ്പിലാക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ